## വെളിപ്പാട് പുസ്തക പഠനം –15

# കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണുതയിലും കൂട്ടാളി

ഡോ. സി.വി.ആൻഡ്രൂസ്

**‘‘നിങ്ങളുടെ സഹോദരനും യേശുവിന്റെ കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണുതയിലും കൂട്ടാളിയുമായ യോഹന്നാൻ എന്ന ഞാൻ......’’ (വാക്യം 9)**

അപ്പോസ്തലനായ യോഹന്നാൻ യേശുവിനോട് മൂന്ന് ബന്ധങ്ങൾ ഉള്ളതായി ഇവിടെ പറഞ്ഞിരിക്കുന്നു. യേശുവിന്റെ കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണുതയിലും കൂട്ടാളിയാണ് താനെന്ന് വ്യക്തമാക്കുന്നു. ഡോമീഷ്യൻ ചക്രവർത്തിയാൽ ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെട്ട കാലത്താണ് ഈ പുസ്തകം എഴുതിയത്. യോഹന്നാനും ഈ കഷ്ടങ്ങൾ അനുഭവിക്കേണ്ടിവന്നു. കഷ്ടത സഹിക്കുന്നവന് മാത്രമേ കഷ്ടതയിലിരിക്കുന്നവരെ ആശ്വസിപ്പിക്കുവാൻ കഴിയുകയുള്ളൂ. യോഹന്നാന് ജനത്തോടുകൂടെ കഷ്ടത സഹിച്ചുകൊണ്ട് ആശ്വാസവചനങ്ങൾ സംസാരിക്കാൻ കഴിഞ്ഞു. (2കൊരി. 1:4–7, 2 തിമൊ.2:3) ‘‘ക്രിസ്തുവിന്റെ നാമം നിമിത്തം ക്രിസ്ത്യാനിയായി കഷ്ടം സഹിക്കുന്നത് ദൈവത്തിന് പ്രസാദമാണ്’’. (1പത്രോസ് 2:19,20, 4:13–19) ക്രിസ്തുവിനെ വിശ്വസ്തതയോടെ അനുഗമിച്ചത് നിമിത്തമാണ് യോഹന്നാന് കഷ്ടത നേരിടേണ്ടി വന്നത്. ക്രിസ്തുവിന്റെ നാമത്തിലുള്ള കഷ്ടതയുടെ പങ്കാളിത്തം തന്റെ തേജസ്സിന് വേണ്ടി മുന്നിയമിക്കപ്പെട്ട ദൈവമക്കളുടെ ഓഹരിയാണ്. (റോമർ 8:17)

കഷ്ടത വില കൊടുത്ത് വാങ്ങാവുന്നതല്ല. നാൾ തോറും കർത്താവിന്റെ ക്രൂശെടുത്ത് അനുഗമിക്കുന്ന ശിഷ്യന് മാത്രമുള്ള അവകാശമാണത്. യോഹന്നാൻ ഏകദേശം 65 വർഷത്തോളം യേശുവിന്റെ കഷ്ടതയിൽ പങ്കാളിയായി. സുവിശേഷം അറിയിക്കുന്നതിനും സഭകൾ സ്ഥാപിക്കുന്നതിനും കഷ്ടമനുഭവിച്ച വ്യക്തിയാണ് യോഹന്നാൻ. വിശ്വാസികളായ നാം ക്രിസ്തുവിന്റെ നാമം നിമിത്തം അനുഭവിക്കുന്ന കഷ്ടകളുണ്ട്. ബഹുകഷ്ടങ്ങൾ സഹിച്ച പൗലോസ് പറയുന്നു. ‘‘നാം അനേകം കഷ്ടങ്ങളിൽ കൂടെ ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു’’ (അപ്പോ.പ്രവ. 14:22) ‘‘കഷ്ടങ്ങളും ബന്ധനങ്ങളും എനിക്കായി കാത്തിരിക്കുന്നു’’ (അപ്പോ.പ്രവ. 20:23) പരിശുദ്ധാത്മശക്തി നമ്മിൽ പകർന്നിരിക്കുന്നത് ക്രിസ്തുവിന്റെ സാക്ഷികളായിരിക്കുവാനും അതിന്റെ പേരിൽ കഷ്ടം സഹിക്കുവാനുമാണ്. ദൈവശക്തിക്കൊത്തവണ്ണം കഷ്ടം സഹിക്കുക എന്ന് പൗലോസ് തിമോഥെയോസിനെ ഓർമ്മിപ്പിക്കുന്നുണ്ട്. (അപ്പോ.പ്ര. 1:8, 2 തിമൊ. 1:8)

പെന്റക്കൊസ്തുനാൾ മുതൽ പരിശുദ്ധാത്മാവിനാൽ ശക്തരായവർ ചെന്നായ്ക്കളുടെ ഇടയിൽ കുഞ്ഞാടുകളെപ്പോലെ ആയിരുന്നു. രാജ്യത്തെ ഉന്നതാധികാരികളുടെയും നിയമകോടതികളുടെയും മുമ്പാകെ നിൽക്കേണ്ട സന്ദർഭങ്ങൾ അസംഖ്യമാണ്. ദേശത്തിലെ അധിപതികൾ യോഹന്നാനെയും പത്രോസിനെയും അടിപ്പിച്ചു. എന്നാൽ യേശുവിന് വേണ്ടി അപമാനം സഹിപ്പാൻ അവർ യോഗ്യരായി എണ്ണപ്പെടുകയാൽ അവർ സന്തോഷിച്ചു. (അപ്പോ.പ്രവ. 5:40, 41, 4:17,18) അപ്പോസതലനായ യോഹന്നാന് നാനപരീക്ഷകളെ നേരിടേണ്ടിവന്നു.

പത്മോസിലേക്ക് നാടുകടത്തപ്പെടുന്നതിന് മുമ്പ് യോഹന്നാനെ തിളപ്പിച്ച എണ്ണയിൽ ഇട്ടിരുന്നെങ്കിലും അതിൽ നിന്നും അത്ഭുതകരമായി രക്ഷപ്പെട്ടു. പരിപാവനമായ ജീവിതവും ദൈവവിശ്വാസവും സുവിശേഷഘോഷണത്തിൽ തീക്ഷണതയും ദൈവഭക്തിയും നിമിത്തം വിശ്വാസത്തിന്റെ അഗ്നിശോധനകളാകുന്ന വലിയ കഷ്ടതയിൽ കൂടെ കടന്നുപോകേണ്ടി വന്നിട്ടും അവൻ തളർന്നില്ല. (അപ്പോ.പ്രവ.20:19,24, റോമർ 2:4, 2 കൊരി.2:10, അപ്പോ.പ്രവ. 20:14, 1 പത്രോസ് 4:16, 1 പത്രോസ് 5:1,5,10, റോമർ 8:35,38, അപ്പോ.പ്രവ. 5:40, 4 : 17,18, 2 തിമൊ. 2:11, എബ്രാ. 10 :35, റോമർ 8:18)

കഷ്ടതയിൽ മാത്രമല്ല, രാജ്യത്തിന്റെയും കൂട്ടാളിയാണെന്ന് താൻ വെളിപ്പെടുത്തുന്നു. കഷ്ടതയിൽ കൂട്ടാളിയാകുന്നവനെ രാജ്യത്തിനും കൂട്ടാളിയാക്കും. ‘‘നിങ്ങൾ ആകുന്നു എന്റെ പരീക്ഷകളിൽ എന്നോട് കൂടെ നിലനിന്നവർ, എന്റെ പിതാവ് എനിക്ക് രാജ്യം നിയമിച്ചുതരുന്നത് പോലെ ഞാൻ നിങ്ങൾക്കും നിയമിച്ചുതരുന്നു’’. (ലൂക്കോസ് 22 : 28,29) ‘‘സഹിക്കുന്നുവെങ്കിൽ കൂടെ വാഴും’’ (2തിമൊ. 2 : 11) ആയിരമാണ്ട് വാഴ്ച്ചയിൽ മാത്രമല്ല, നിത്യതയിലും ഈ പങ്കാളിത്തം ഉൺടായിരിക്കും. (വെളി.20 : 4, 22: 5) ആകയാൽ മഹാപ്രതിഫലമുള്ള നമ്മുടെ ധൈര്യം തള്ളിക്കളയാതെ അവന്റെ രാജ്യത്തിൽ കൂട്ടാളിയാകാൻ നമുക്ക് ഒരുങ്ങാം.

കഷ്ടതയിലും രാജ്യത്തിലും മാത്രമല്ല, സഹിഷ്ണുതയിലും യോഹന്നാൻ പങ്കാളിയാണെന്ന് വെളിപ്പെടുത്തുന്നു. ‘‘കഷ്ടത സഹിഷ്ണുതയെ ഉളവാക്കുന്നു’’. (റോമർ 5:3) കഷ്ടതയെ ധീരതയോടെ നേരിട്ട് ജയകരമായി ജീവിക്കുന്നതിനുള്ള കരുത്താണ് സഹിഷ്ണുത. ഈ ലോകത്തിൽ കഷ്ടത ദൈവമക്കളുടെ അവകാശമാണ്. അത് സഹിക്കുന്നവർക്ക് സഹിഷ്ണുതയുൺടാകും. കർത്താവ് വാഗ്ദത്തം ചെയ്ത സ്വർഗരാജ്യത്തെ വിശ്വാസ കണ്ണുകളാൽ കൺടുകൊൺട് അത് ലഭിക്കുമെന്നുള്ള ഉറപ്പ് പ്രാപിച്ച് ഈ ഭൂമിയിൽ ഉൺടാകുന്ന കഷ്ടപ്പാടുകളെയും നിന്ദയെയും പരിഹാസത്തെയും പുച്ഛിച്ച് തള്ളുന്നതാണ് സഹിഷ്ണുത. അതിന് ഉദാഹരണമാണ് ഇയ്യോബ്. ‘‘അന്ന് അവർ നിങ്ങളെ ഉപദ്രവത്തിന് ഏല്പിക്കും..........എന്നാൽ അവസാനത്തോളം സഹിച്ചുനിൽക്കുന്നവൻ രക്ഷിക്കപ്പെടും’’ (മത്തായി 24:4,13) എന്ന് യേശു പറഞ്ഞിരിക്കുന്നു.

എന്തിനെല്ലാം കൂട്ടാളിയാകണം ?

1. യേശുവിന്റെ കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണുതയിലും കൂട്ടാളി (വെളി.1:9)

2. കൃപയിൽ എനിക്ക് കൂട്ടാളി (ഫിലി.1:7)

3. സുവിശേഷത്തിൽ കൂട്ടാളി (1കൊരി. 9:23)

4. ആശ്വാസത്തിന്റെ കൂട്ടാളി (2കൊരി.1 : 7)

5. തേജസ്സിന്റെ കൂട്ടാളി (1 പത്രോസ് 5:1)

6. ദിവ്യസ്വഭവത്തിന് കൂട്ടാളി (2പത്രോസ് 1:4)

7. ഒലിവ് മരത്തിന്റെ ഫലപ്രദമായ വേരിന് കൂട്ടാളി (റോമർ 11:17)

യേശുവിന്റെ രാജ്യത്തിൽ കൂട്ടാളിയാകാൻ എല്ലാവർക്കും താത്പര്യമാണ്. എന്നാൽ കഷ്ടതയിലും സഹിഷ്ണുതയിലും കൂട്ടാളിയാകാൻ അനേകരും ഇഷ്ടപ്പെടുന്നില്ല. എന്നാൽ യോഹന്നാൻ ഇവയിൽ മൂന്നിനും കൂട്ടാളിയാകുന്നു.